# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **21-01-2014 ൽ മറുപടിയ്ക്ക്**
**ചോദ്യം നമ്പർ: 1655**

## തൃശ്ശൂർ കോൾനില കർഷകർക്ക് ഉല്പാദന ബോണസ്സ് കുടിശ്ശിക

**ചോദ്യം**
ശ്രീമതി.ഗീതാ ഗോപി

**മറുപടി**
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) തൃശ്ശൂർ ജില്ലയിലെ കോൾ നില കർഷകർക്ക് ഉല്പാദന ബോണസ്സ് നൽകുമെന്ന് 07-12-2011 ന് ചേർന്ന മന്ത്രിതല യോഗതീരുമാനം പ്രാവർത്തികമായിട്ടുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവുകൾ എന്തെങ്കിലും ഇറക്കിയിട്ടുണ്ടോ;<br>(ബി) ഉല്പാദന ബോണസ്സ് അനുവദിച്ചത് ഏത് കാലയളവ് മുതലാണെന്ന് അറിയിക്കുമോ; | (എ) യും (ബി) യും പ്രാവർത്തികമായിട്ടുണ്ട്. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് നൽകി വരുന്ന ഉല്പാദന ബോണസ് ഒരു സീസണിന് ഒരു ഹെക്ടറിന് 350 രൂപ എന്നത് 1000/- രൂപയായി 31/10/2012 മുതൽ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 245/2012/കൃഷി തീയതി 31/10/2012). പ്രസ്തുത വർദ്ധനവിന് 07/12/2011 മുതൽ മുൻകാല പ്രാബല്യം നൽകി 03/01/2014 ൽ ഉത്തരവായിട്ടുണ്ട്. (സ.ഉ (എം.എസ്) നമ്പർ 2/2014/കൃഷി തീയതി 03/01/2014) |
| (സി) 2010-2011 സാമ്പത്തിക വർഷത്തെ ബോണസ്സ് കുടിശ്ശിക അനുവദിക്കാൻ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;<br>(ഡി) ഇല്ലെങ്കിൽ മുൻകാല പ്രാബല്യത്തോടെ ബോണസ്സ് കുടിശ്ശിക കർഷകർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) യും (ഡി) യും സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 2/2014/കൃഷി തീയതി 03/01/2014 പ്രകാരം 07/12/2011 മുതൽ മുൻകാല പ്രാബല്യം നൽകി ഉല്പാദനബോണസ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ